**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2986** **18-03-2022 - ൽ മറുപടിയ്ക്ക്**

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വ്യക്തവും കുറ്റമറ്റതുമായ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ചീഫ് എഞ്ചിനീയർ(ഐ&എ)യുടെ കാര്യാലയത്തിലെ 17/08/2015 ലെ ഐ.സി5-16895/2014 നമ്പർ ഉത്തരവ് പ്രകാരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റേഷ്യോ പ്രമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ റേഷ്യോ പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാരിൽ നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ 23/2/2021-ലെ Lr. No. 16.02.2021 നമ്പർ നിവേദനം മുഖ്യമന്ത്രിക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ പ്രസ്തുത നിവേദനം അഡീഷണൽ ചീഫ് സെക്രട്ടറി ജലസേചനത്തിന് തുടർ നടപടികൾക്കായി കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | പ്രസ്തുത നിവേദനം ലഭിച്ചില്ല എന്ന് നിയമസഭയിൽ മറുപടി നൽകിയിരുന്നോ; എങ്കിൽ ഇപ്രകാരം മറുപടി നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഇ) | നൽകിയിരുന്നു. വകുപ്പിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. |

സെക്ഷൻ ഓഫീസർ